പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 676 | 11.06.2014- ലെ മറുപടിക്ക് |
|---|---|

## കോഴിക്കോട് ജില്ലയിൽ ഭക്ഷ്യസുരക്ഷാവിഭാഗത്തിന്റെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | ഭക്ഷ്യഗുണനിലവാര നിയമത്തിൽ നിഷ്കർഷിക്കും പ്രകാരം ഗുണനിലവാരമുള്ളതും മായം ചേർക്കാത്തതുമായ ഭക്ഷ്യോൽപന്നങ്ങളുടെ ലഭ്യത ഉറപ്പവരുത്തുകയെന്നുള്ളതാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രധാന ഉദ്ദേശലക്ഷ്യം. ടി ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനായി ടി മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ബോധവൽക്കരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് രൂപീകരിക്കപ്പെട്ടശേഷം കോഴിക്കോട് ജില്ലയിൽ നാളിതുവരെ നടത്തിയ ഭക്ഷ്യവസ്തുക്കളുടെയും ഭക്ഷണകേന്ദ്രങ്ങളുടെയും പരിശോധനകളും, പ്രസ്തുത പരിശോധനകളിൽ പുറത്തുവന്ന പൊതുവായ കണ്ടെത്തലുകളും സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; | ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ ജില്ലയിലെ ചില ഹോട്ടലുകളുടെയും ബേക്കറികളുടെയും അടുക്കളയിലും മറ്റും ശുചിത്വമില്ലായ്മയും മാലിന്യങ്ങൾ യഥാസമയം എടുത്തുമാറ്റാത്ത അവസ്ഥയും കണ്ടെത്തിയിട്ടുണ്ട്. ചില സ്ഥാപനങ്ങളിൽ ഫ്രിഡ്ജ്, ഫ്രീസർ എന്നിവയിൽ സൂക്ഷിച്ചിട്ടുള്ള ഭക്ഷ്യവസ്തുകൾ പരസ്പരം മലിനീകരിക്കപ്പെടുന്ന രീതിയിൽ കണ്ടെത്തിയിട്ടുള്ളതും ജീവനക്കാർക്ക് വ്യക്തി ശുചിത്വതിന്റെ അഭാവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ഭക്ഷ്യവസ്തുകളിൽ മായം ചേർത്തതിന്റെ പേരിൽ കോഴിക്കോട് ജില്ലയിൽ എത്ര സ്ഥാപനങ്ങൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത സ്ഥാപനങ്ങളുടെ പേര് വിവരം അറിയിക്കുമോ; എത്ര പേർ അറസ്റ്റ് ചെയ്യപ്പെട്ടു എന്നും എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടി എന്നും വെളിപ്പെടുത്തുമോ? | സി) | i. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം 4 കേസ്സുകൾ രജിസ്റ്റർ ചെയിതിട്ടുണ്ട്. 10 കേസ്സുകൾ കൂടി ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>ii. കേസ് ചാർജ്ജ് ചെയ്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br>1. സെയിൻ ഫാമിലി റസ്റ്റോറന്റ് കൊടുവള്ളി.<br>2. ശാസ്ത ഡയറി, പുതിയറ, കോഴിക്കോട് |

| | | | |
|---|---|---|---|
| | | | 3. പിപ്പീൾസ് പിക്കിൾസ് , വടകര<br>4. ന്യൂ ബോൺ ഫുഡ് പ്രോഡക്റ്റസ്, പന്തിരങ്കാവ്, കോഴിക്കോട്<br>iii. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.<br>iv. 14 സ്ഥാപനങ്ങൾ ശുചിത്വം പാലിക്കാത്തതിനാൽ അടച്ചുപൂട്ടി. |

സെക്ഷൻ ഓഫീസർ